**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 997** **07-12-2022 - ൽ മറുപടിയ്ക്ക്**

**ആചാരസ്ഥാനികൾക്കും കോലധാരികൾക്കും ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മലബാർ ദേവസ്വം ബോർഡ് ആചാരസ്ഥാനികൾക്കും കോലധാരികൾക്കും വർഷത്തിൽ രണ്ട് തവണ നൽകുന്ന ധനസഹായം പ്രതിമാസം നൽകാൻ നടപടി സ്വീകരിക്കുമോ? | (എ) | ഉത്തര മലബാറിലെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന ആചാരസ്ഥാനികർക്കും കോലധാരികൾക്കും മലബാർ ദേവസ്വം ബോർഡ് മുഖേന, സർക്കാർ ഗ്രാന്റ് ഉപയോഗപ്പെടുത്തി പ്രതിമാസം 1400/- രൂപ വീതം എന്ന് കണക്കാക്കിത്തന്നെയാണ് ധനസഹായം അനുവദിച്ചു വരുന്നത് . ബഡ്ജറ്റ് ഗ്രാന്റ് തികയാതെ വരുന്ന സാഹചര്യത്തിൽ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച് കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് അധിക ധനാനുമതി അനുവദിക്കാറുണ്ട് . നിലവിൽ 2208 ഗുണഭോക്താക്കളാണ് ഈ പദ്ധതിയിൽ ഉള്ളത്. പ്രസ്തുത ആവശ്യത്തിന് സർക്കാർ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് അലോട്ട്മെന്റ് 1,25,00,000/- രൂപയാണ്. എന്നാൽ 2022-2023 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അലോട്ട്മെന്റായ 1,25,00,000/- രൂപയ്ക്ക് പുറമെ മുൻവർഷത്തെ കുടിശ്ശിക പൂർണ്ണമായും കൊടുത്ത് തീർക്കുന്നതിന് 1,66,98,000/- രൂപ അധിക ധനാനുമതിയായി സർക്കാർ അനുവദിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ